(സി) ഏകദേശം 16,500 ലക്ഷം രൂപ.

കിൻഫ്രാ	- 10757.01 ലക്ഷം
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി	- 2051.85 ലക്ഷം
കെ.എസ്.ഐ.ഡി.സി. വഴി	- 3690.00 ലക്ഷം
	16498.86 ലക്ഷം

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കിൻഫ്രയുടെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ പാർക്കിൽ കെ.സി.പി.എൽ. എന്ന സ്ഥാപനം ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിൽ റബ്കോ എന്ന കമ്പനിയുടെ ചെരുപ്പു നിൽമ്മാണ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സൈക്കിൾ ടയർ, ട്യൂബ്സ് എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള റബ്കോയുടെ അടുത്ത യൂണിറ്റ് പൂർത്തീകരണ ഘട്ടത്തിലാണ്.

(എഫ്) വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള 13 വ്യവസായ പാർക്കുകൾ കിൻഫ്രായുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. പദ്ധതികൾ കണ്ടെത്തി, അതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത്, അവിടെ വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, വാർത്താവിനിമയ സൗകര്യങ്ങൾ, ബിസിനസ്സ് സെന്റർ, എക്സിബിഷൻ സെന്റർ, കോൺഫറൻസ് ഹാൾ, ആരോഗ്യപരിപാലന കേന്ദ്രം, ക്യാന്റീൻ, ബാങ്ക്, പോസ്റ്റാഫീസ്, സുരക്ഷാ സൗകര്യങ്ങൾ എന്നിവ കിൻഫ്രാ പാർക്കുകളിൽ ലഭ്യമാക്കുന്നുണ്ട്.

(ജി) കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കിൻഫ്രാ പാർക്കുകളിൽ വ്യവസായം തുടങ്ങുവാൻ ഭൂമി അലോട്ട് ചെയ്തു വരുന്നതേയുള്ളൂ. കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന സ്ഥാപനം എറണാകുളത്ത് കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ വ്യവസായ യൂണിറ്റ് സ്ഥാപിച്ച് ഉൽപ്പാദനമാരംഭിച്ചിട്ടുണ്ട്.

5 (529) ടെക്നോപാർക്ക്

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ടെക്നോപാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പുതുതായി ടെക്നോപാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ്-കേരളം (ടെക്നോപാർക്ക്) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. കൂടാതെ സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ടെക്നോളജി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ കൊല്ലം, കോട്ടയം, തിരുവല്ല എന്നിവിടങ്ങളിലും, കൊച്ചിയിൽ കിൻഫ്ര പാർക്കിനകത്തും ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക്, കാക്കനാട്, എറണാകുളം, കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം എന്നിവ സ്ഥാപിച്ചുവരുന്നു. എറണാകുളത്ത് കളമശ്ശേരിയിൽ 200 ഏക്കർ ഭൂമിയിൽ ഒരു ഹൈടെക്പാർക്ക് സ്ഥാപിക്കുവാനും കിൻഫ്രയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ സെന്ററുകൾ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുമെന്നു പ്രതീക്ഷിക്കുന്നു. കിൻഫ്രാ ഹൈടെക് പാർക്കിനുവേണ്ടി രാജ്യാന്തരടെൻഡർ വിളിച്ച് സ്വകാര്യപങ്കാളിയെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. എറണാകുളത്തും, മലപ്പുറത്തും സ്ഥാപിച്ചുവരുന്ന കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

6 (530) ഓഡിറ്റ് കുടിശ്ശികയുള്ള കമ്പനികൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസിന്റെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം കമ്പനികളുടെ ഓഡിറ്റാണ് ദീർഘകാലമായി മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓഡിറ്റ് യഥാസമയം നടക്കാതിരിക്കുന്നതിന് പ്രത്യേക കാരണങ്ങൾ ഉണ്ടോ;

(സി) ഈ കുടിശ്ശിക ആഡിറ്റ് പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസിന്റെ 1998-99 ലെ "എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസ് ഇൻ കേരള" പ്രകാരം സംസ്ഥാനത്തെ 44

LIBRARY ARCHIVES Kerala Legislative Assembly